(ബി) തോട്ടം ഉടമസ്ഥന് കൈവശമുള്ള തോട്ട ഭൂമിയുടെ എത്ര ശതമാനം ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാർ ഭൂമിയുടെ മുഖവിലയുടെ എത്ര ശതമാനം പിഴയോ ഫീസോ ആയി ഈടാക്കുന്നുണ്ട്; പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപ നടപ്പു സാമ്പത്തിക വർഷം റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വീട് വയ്ക്കുന്നതിന് നെൽവയൽ നികത്തിയ മുൻകാല നടപടി റഗുലറൈസ് ചെയ്യുന്നതിന് ഭൂമിയുടെ ന്യായവിലയുടെയോ, പ്രസ്തുത ഭൂമിയുടെ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെയോ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ടുള്ള ക്രമവത്ക്കരിക്കലാണ് തീരുമാനിച്ചിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തെ 'Budget Speech'-ൽ മുൻ ധനകാര്യ വകുപ്പുമന്ത്രി '150 കോടി' രൂപയാണ് ഈ ഇനത്തിൽ വരുമാനം പ്രതീക്ഷിക്കുന്നത്.

(ബി) 5%. ഇക്കാര്യത്തിൽ ഫീസോ പിഴയോ ഈടാക്കുന്നില്ല.

തുപ്രയാർ താലൂക്ക് രൂപീകരണം

177 (1256) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുപ്രയാർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം പരിഗണിച്ച് തുപ്രയാർ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പ്രസ്തുത നിർദ്ദേശത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നെൽവയൽ നീർത്തട സംരക്ഷണ നിയമം

178 (1257) ശ്രീ. ഗുരുക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly